# കർഷകരെ കാർഷിക സംരംഭകരാക്കും

മണ്ണുത്തി:കർഷകരെ കാർഷിക സംരംഭകരാക്കി മാറ്റുമെന്ന് കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽ കുമാർ പറഞ്ഞു. വൈഗ 2017 നോടനുബന്ധിച്ചു നടന്ന യുവകർഷക സംരഭകത്വ ശിൽപശാലയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഇനിയും വേണ്ടത്ര പ്രയോജനപ്പെടുത്താത്ത കാർഷിക വിളകളെ പ്രയോജനപ്പെടുത്തി,മൂല്യ വർദ്ധന ഉത്പാദനം കൂട്ടി, കർഷകരുടെയും യുവജനങ്ങളുടെയും വരുമാനം വർദ്ധിപ്പിക്കുമെന്നും ഇതിലൂടെ കർഷകരെ കാർഷിക സംരംഭകരാക്കുമെന്നും മന്ത്രി പറഞ്ഞു.

കർഷകർക്ക് അധികവരുമാനത്തോടോപ്പം സുരക്ഷിത ആരോഗ്യ ഭക്ഷണം ഉറപ്പുവരുത്തുവാൻ ജൈവ കാർഷിക വിളകളെ പ്രയോജനപ്പെടുത്തണം. നാളികേരം, വാഴപ്പഴം, തേൻ എന്നീ വിളകളിലും, മറ്റ് കാർഷിക വിളകളിലെ പ്രവർത്തനങ്ങൾ, ശക്തിപ്പെടുത്തുന്നതിനുമായി വിവിധ കേന്ദ്ര - സംസ്ഥാന ഏജൻസികളുടെ ഏകോപനമുണ്ടാക്കുമെന്നും മന്ത്രി പറഞ്ഞു.

യുവ കാർഷിക സംരംഭകത്വം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തിനായി കൃഷി വകുപ്പ് നടത്തിയ, യുവസംരംഭക ശിൽപ്പശാലയിൽ സംസ്ഥാനത്തെ യുവസംരംഭകരുടെ വൻ സാന്നിധ്യമുണ്ടായി. മൂല്യവർദ്ധനവിന്, അനുയോജ്യമായ സാങ്കേതിക വിദ്യകൾ, പാക്കിംഗ്, വിപണനം എന്നിങ്ങനെ കാർഷിക സംരംഭകത്വം നേരിടുന്ന പ്രശ്നങ്ങളെല്ലാം ശിൽപ്പശാലയിൽ ചർച്ച ചെയ്യപ്പെട്ടു. പ്രൈസ് ബോർഡ് ചെയർമാൻ ഡോ. പി രാജശേഖരന്റെ അധ്യക്ഷതയിൽ സംരംഭകത്വ മേഖലയിലെ വിദഗ്ദർ ചർച്ചകൾക്ക് നേതൃത്വം നൽകി.

Janayugom 31.12.17